FAX.

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണം - വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനം - ഉദ്യോഗസ്ഥരുടെ ക്രമീകരണം സംബന്ധിച്ച് ഉത്തരവാകുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ. (സാധാ)നം.5580/2018/പൊഭവ തീയതി, തിരുവനന്തപുരം,21.08.2018.

## ഉത്തരവ്

22.08.2018 മുതലുള്ള പൊതു അവധി ദിവസങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനത്തേയും ബാധിക്കാതിരിക്കാൻ താഴെപ്പറയുന്ന ക്രമീകരണം വരുത്തി ഉത്തരവാകുന്നു.

1. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനത്തേയും ബാധിക്കാതിരിക്കാൻ ഉദ്യോഗസ്ഥരുടെ സഹകരണം വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരും വകുപ്പുതല ജില്ലാ മേധാവികളും ദുരിതാശ്വാസ ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതാണ്.
2. സെക്രട്ടേറിയറ്റിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരുടെ ക്രമീകരണം അതത് വകുപ്പ് സെക്രട്ടറിമാർ നടത്തേണ്ടതാണ്.
3. അവധി ദിവസങ്ങളിൽ പ്രവർത്തിയെടുക്കുന്ന ഉദ്യോഗസ്ഥർക്ക് മറ്റൊരു ദിവസം കോമ്പൻസേഷൻ ഓഫ് നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാർക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(പ്രസ്സ് റിലീസിനും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണം നടത്തുന്നതിനുമായി)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ